**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 398** — **20-03-2025 - ൽ മറുപടിയ്ക്ക്**

**കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ . കെ .ഡി .പ്രസേനൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (കെ.എ.എസ്.ഇ.)-ന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് അനുസൃതമായി പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പാക്കുകയും ചെയ്യുന്നുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (എ) | സംസ്ഥാന നൈപുണ്യ വികസന മിഷൻ എന്ന നിലയിലും “സ്കിൽ സെക്രട്ടേറിയറ്റ്” എന്ന നിലയിലുമുള്ള കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ പ്രവർത്തനങ്ങൾ യഥാസമയങ്ങളിൽ വിലയിരുത്തുന്നുണ്ട്. കെയ്സ് ഏറ്റെടുത്ത് നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുടെ ഫലപ്രാപ്തി സൂക്ഷ്മമായി വിലയിരുത്തുകയും, കൂടുതൽ ഗുണഭോക്താക്കളിലേക്ക് നൈപുണ്യ വികസനത്തിന്റെയും നൈപുണ്യ പരിശീലനത്തിന്റെയും ഗുണഫലങ്ങൾ എത്തിക്കുന്നതിന് വേണ്ടി കാര്യക്ഷമമായ ഇടപെടലുകൾ നടത്തുകയും ചെയ്യുന്നുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികൾ സംസ്ഥാനത്ത് പൂർണ്ണതോതിൽ ഫലപ്രദമായി നടപ്പിലാക്കുന്നതിന് വികേന്ദ്രീകൃത മാതൃകയിൽ ഒരു സംവിധാനം കെയ്സിന്റെ നേതൃത്വത്തിൽ ആവിഷ്കരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പൊതു സ്വകാര്യ മേഖലയിലെ നൈപുണ്യ പരിശീലന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് വേണ്ടി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ജില്ലാ നൈപുണ്യ വികസന സമിതികൾക്ക് കീഴിൽ ജില്ലാ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന നൈപുണ്യ പരിശീലന സ്ഥാപനങ്ങൾ, അവരുടെ അടിസ്ഥാന സൗകര്യങ്ങൾ, വ്യാവസായിക ബന്ധങ്ങൾ, വിഭവശേഷി എന്നിവയെ സംബന്ധിച്ചുള്ള വിശദമായ വിവരങ്ങൾ കെയ്സ് ശേഖരിച്ചിട്ടുണ്ട്. ജില്ലാ അടിസ്ഥാനത്തിൽ, പ്രാദേശിക തൊഴിൽ സങ്കീർണതകൾ പരിഹരിക്കുന്നതിനായി പ്രസ്തുത ജില്ലയുടെ താല്പര്യത്തിനനുസരിച്ചുള്ള നൈപുണ്യ പരിശീലന പദ്ധതികൾ തയ്യാറാക്കി വികേന്ദ്രീകൃത മാതൃകയിൽ നൈപുണ്യ പരിശീലനം നടപ്പിലാക്കുന്ന രീതിയിൽ കെയ്സിന്റെ പ്രവർത്തനങ്ങൾ പുനഃക്രമീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | തൊഴിൽ പരിശീലന രംഗത്ത് കെ.എ.എസ്.ഇ.യുടെ ഇടപെടൽ വിശദമാക്കാമോ; | (ബി) | നൈപുണ്യ വികസനവും നൈപുണ്യ പരിശീലനവും രണ്ടു പ്രവർത്തനങ്ങൾ ആയതിനാൽ, നൈപുണ്യ വികസന പ്രവർത്തനങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകികൊണ്ടാണ് കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് പ്രവർത്തിക്കുന്നത്. നൈപുണ്യ പരീശീലനം നഗര, ഗ്രാമ വ്യത്യാസമില്ലാതെ എല്ലാ ജനങ്ങളിലേക്കും വ്യാപിപ്പിക്കുന്നതിനും, ആയതിന്റെ ഗുണഫലം എത്തിക്കുന്നതിനും സംസ്ഥാനത്ത് മികച്ചതും സവിശേഷവുമായ ഒരു നൈപുണ്യ വികസന ആവാസവ്യവസ്ഥ സൃഷ്ടിക്കേണ്ടതുണ്ട്. മികച്ച നൈപുണ്യ വികസന ആവാസവ്യവസ്ഥ സൃഷ്ടിച്ചാൽ മാത്രമാണ് നൈപുണ്യ പരിശീലന പ്രവർത്തനങ്ങൾ ഫലപ്രദമായി വിപുലീകരിക്കാൻ സാധിക്കുകയുള്ളൂ. ഇത്തരത്തിൽ, സംസ്ഥാനത്തെ നൈപുണ്യ വികസന ആവാസവ്യവസ്ഥ സുശക്തമാക്കുന്നതിന്റെ ഭാഗമായി വിവിധ വ്യാവസായിക പ്രതിനിധികളുമായി സഹകരിച്ചുകൊണ്ട് പുതിയ തൊഴിലവസരങ്ങളെ പറ്റി മനസിലാക്കി, ആയതിന് അനുയോജ്യമായ വിവിധ നൈപുണ്യ വികസന കോഴ്സുകൾ വികസിപ്പിച്ചു. നൈപുണ്യ വികസന രംഗത്ത് വ്യാവസായിക പ്രാതിനിധ്യം കൂടുതലായി പ്രോത്സാഹിപ്പിക്കുക വഴി വ്യാവസായിക മേഖലയിൽ അനുഭവസമ്പത്തുള്ള വിദഗ്ധരുടെ സഹായത്തോടെ നൈപുണ്യ പരിശീലന രംഗത്ത് ഇടപെടുന്നതിനും, പരിശീലകർക്ക് പരിശീലനം നൽകുന്നതിനുമുള്ള നടപടികൾ കെയ്സ് സ്വീകരിച്ചു വരുന്നു. കൂടാതെ പരിശീലനം പൂർത്തിയാക്കുന്ന ഉദ്യോഗാർത്ഥികൾക്ക് വ്യവസായ സ്ഥാപനങ്ങളിൽ പ്ലേസ്മെന്റ്, ഓൺ ദി ജോബ് ട്രെയിനിങ് എന്നിവ നൽകുന്നതിനുള്ള നടപടികളും കെയ്സ് സ്വീകരിച്ചു വരുന്നു. എല്ലാ തല്പരകക്ഷികളുടെയും പിന്തുണയും, സഹായ- സഹകരണവും ഉറപ്പാക്കുന്നതിനും ഗുണഭോക്താക്കൾക്കും പൊതുസമൂഹത്തിനും നൈപുണ്യ പരിശീലനം നേടേണ്ടതിന്റെ പ്രാധാന്യത്തെ സംബന്ധിച്ച് ബോധവൽക്കരണം നൽകി അവർക്കിടയിൽ നൈപുണ്യ വികസനം ഒരു അഭിലാഷമായി മാറ്റുന്നതിനുമുള്ള നടപടികളും സ്വീകരിച്ചു വരുന്നു. കാലിക പ്രസക്തമായ നൈപുണ്യ പരിശീലന അവസരവും, നൈപുണ്യ വികസനത്തെ സംബന്ധിച്ചുള്ള സമഗ്ര വിവരവും സംസ്ഥാനത്തെ എല്ലാ വിഭാഗം ജനങ്ങൾക്കും ലഭ്യമാക്കുന്ന പ്രവർത്തനങ്ങളും കെയ്സ് സ്വീകരിച്ചു വരുന്നു. ഇത്തരത്തിൽ, സംസ്ഥാനത്തെ മാനവവിഭവ ശേഷിയെ കാലാനുസൃതമായി ആഗോള നൈപുണ്യ ശേഷിയും, ക്ഷമതയുമുള്ളവരായി വാർത്തെടുക്കുന്നതിനുള്ള നടപടികളാണ് കെയ്സ് സ്വീകരിച്ചു വരുന്നത്. |

| | | | |
|---|---|---|---|
| (സി) | കെ.എ.എസ്.ഇ.യുടെ ഏറ്റവും പുതിയ സംരംഭങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (സി) | വിവിധ ദേശീയ അന്തർദേശീയ ഏജൻസികളുടെ സഹായത്തോടുകൂടി രാജ്യത്തെ ഏറ്റവും മികച്ച നൈപുണ്യ പരിശീലന കേന്ദ്രങ്ങൾ നമ്മുടെ സംസ്ഥാനത്ത സ്ഥാപിക്കുന്നതിനുള്ള തയ്യാറെടുപ്പിലാണ് കെയ്സ്. ഇതിനോടകം തന്നെ നിർമാണ-അടിസ്ഥാന സൗകര്യ മേഖലയിലെ രാജ്യത്തെ ഏറ്റവും വലുതും മികച്ചതുമായ നൈപുണ്യ പരിശീലന സ്ഥാപനമായ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആൻഡ് കൺസ്ട്രക്ഷൻ (IIIC) കെയ്സിന്റെ കീഴിൽ കൊല്ലം ജില്ലയിലെ ചവറയിൽ പ്രവർത്തിച്ചു വരുന്നു. മെട്രോ റെയിൽ രംഗത്ത് ആഗോള തൊഴിൽ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് വേണ്ടിയും, പ്രസ്തുത അവസരങ്ങൾ സംസ്ഥാനത്തെ വിദ്യാഭ്യാസ യോഗ്യതയുള്ള യുവാക്കൾക്ക് ലഭ്യമാക്കുന്നതിന് വേണ്ടിയും ഒരു ദേശീയ നിലവാരമുള്ള സ്ഥാപനമായി "ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെട്രോ ആൻഡ് റെയിൽ ടെക്നോളജി (IMRT)" കൊച്ചിൻ മെട്രോ റെയിൽ ലിമിറ്റഡുമായും, നാഷണൽ സ്കിൽ ഡെവലപ്മെൻറ് കോർപറേഷന്റെ സഹകരണത്തോടെ ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. സംസ്ഥാനത്ത് നിലവിലുള്ള "ഗ്ലോബൽ കേപബിലിറ്റി സെന്റർ" പോലെയുള്ള പുതിയ ബിസിനസ് ഇടപെടലുകൾക്ക് പറ്റുന്ന സാഹചര്യമാകയാൽ അത്തരത്തിലുള്ള വ്യാവസായിക മേഖലകളിലേക്കും, കൂടുതൽ പരുവപ്പെടുത്തുമ്പോൾ ഉണ്ടായേക്കാവുന്ന അധിക മാനവ വിഭവശേഷിയെ മറ്റ് വിദേശ രാജ്യങ്ങളിലെ തൊഴിലവസരങ്ങൾക്ക് കൂടി ഉപയോഗിക്കുക വഴി സംസ്ഥാനത്തെ അഭ്യസ്ഥവിദ്യരായ യുവജനങ്ങളെ തൊഴിൽ സാധ്യതകളുള്ള സൺറൈസ് സെക്ടറുകളിലേക്കും സംസ്ഥാനത്തെ വിദ്യാസമ്പന്നരായ മാനവവിഭവ ശേഷിയെ പരുവപ്പെടുത്തി വിന്യസിപ്പിക്കുന്നതിന്റെ ഭാഗമായി ചുവടെച്ചേർത്തിരിക്കുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട് :<br><br>**<u>ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെട്രോ ആൻഡ് റെയിൽ ടെക്നോളജി (IMRT)</u>** |

റെയിൽ, മെട്രോ റെയിൽ മേഖലയിൽ പുതിയ സാങ്കേതികവിദ്യകളുടെ പിൻബലത്തിൽ ധാരാളം പുതിയ തൊഴിലവസരങ്ങൾ ലോകമെമ്പാടും സൃഷ്ടിക്കപ്പെടുന്നുണ്ട്. എന്നാൽ ഈ മേഖലകളിലെ തൊഴിൽ വൈദഗ്ധ്യം നേടുന്നതിനുള്ള പരിശീലന കേന്ദ്രങ്ങൾ രാജ്യത്ത് വിരളമാണെന്ന് കണ്ട് രാജ്യത്ത് ആദ്യമായി കൊച്ചിൻ മെട്രോ റെയിൽ ലിമിറ്റഡ്, സംസ്ഥാന നൈപുണ്യ വികസന മിഷൻ, നാഷണൽ സ്കിൽ ഡെവലപ്മെൻറ് കോർപ്പറേഷൻ എന്നിവരുമായി സഹകരിച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെട്രോ ആൻഡ് റെയിൽ ടെക്നോളജി (IMRT) എന്ന ദേശീയ പരിശീലന സ്ഥാപനം ആരംഭിക്കുന്നതിനുള്ള നടപടികൾ കൈയ്സ് സ്വീകരിച്ചു വരുന്നു.

**<u>സംസ്ഥാനത്തെ ഐ.ടി.ഐ, പോളിടെക്നിക് വിദ്യാലയങ്ങളിൽ അവസാന വർഷ വിദ്യാർത്ഥികൾക്ക് ജർമനിയിൽ പ്രതിമാസം 1,200 യൂറോ സ്റ്റൈപൻഡോടെ തൊഴിലധിഷ്ഠിത തുടർ വിദ്യാഭ്യാസത്തിനുള്ള പദ്ധതി :</u>**

സംസ്ഥാനത്തെ തിരഞ്ഞെടുത്ത 14 ഐ.ടി.ഐ, 14 പോളിടെക്നിക് വിദ്യാലയങ്ങളിൽ നിന്നുള്ള തൽപരരായ വിദ്യാർത്ഥികൾക്ക് ജർമൻ ഭാഷ പരിശീലനം നൽകുന്നതിനും, 2025 ഏപ്രിൽ മാസത്തിൽ ജർമനിയിൽ നിന്നുള്ള 200 ഓളം കമ്പനികൾ ഓൺലൈനായി പങ്കെടുക്കുന്ന ‘വിദേശ തൊഴിലധിഷ്ഠിത തുടർ വിദ്യാഭ്യാസ മേള’ സംഘടിപ്പിക്കുന്നതിനുള്ള നടപടികളും കെയ്സ് സ്വീകരിച്ചു വരുന്നു.

**<u>ബഹുഭാഷാ പരിശീലനത്തിനായി മാതൃകാ ഭാഷാ പരിശീലന മികവിന്റെ കേന്ദ്രങ്ങൾ</u>**

നാഷണൽ സ്കിൽ ഡെവലപ്മെൻറ് കോർപ്പറേഷനുമായി ചേർന്ന് സംസ്ഥാനത്ത് മാതൃകാ ബഹുഭാഷാ പഠന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് ധാരണയായി. ഇത്തരത്തിൽ രണ്ടു ബഹുഭാഷാ പരിശീലന കേന്ദ്രങ്ങൾ സംസ്ഥാനത്ത് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

| | | | |
|---|---|---|---|
| | | | **<u>ജർമൻ റെയിൽ മേഖലയിൽ തൊഴിൽ കണ്ടെത്തുന്നതിനുള്ള നടപടികൾ</u>**<br><br>സംസ്ഥാനത്തെ ഐ.ടി.ഐ/പോളിടെക്നിക്/ എഞ്ചിനീയറിംഗ് എന്നീ സാങ്കേതിക വിദ്യാഭ്യാസ യോഗ്യതകളുള്ള ഉദ്യോഗാർത്ഥികൾക്ക് ജർമൻ റെയിൽ മേഖലയിൽ തൊഴിൽ കണ്ടെത്തുന്നതിന്റെ ഭാഗമായി ജർമൻ റെയിൽ കമ്പനിയുടെ റിക്രൂട്ട്മെന്റ് ഏജൻസിയായ ഹാൻസ് ഓണുമായി കരാർ ഒപ്പിടുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്.<br><br>**<u>ഡ്രോൺ റിസർച്ച് ആൻഡ് ഇന്നോവേഷൻ പാർക്ക്</u>**<br><br>ഡ്രോൺ മേഖലയിൽ പാലക്കാട് ഐ.ഐ.ടിയുമായും, ജെറ്റ് എയ്റോസ്പേസ് ഡ്രോൺ മാനുഫാക്ചറിംഗ് ഹബ് പ്രൈവറ്റ് ലിമിറ്റഡുമായി സഹകരിച്ച് ഡ്രോൺ റിസർച്ച് ആൻഡ് ഇന്നോവേഷൻ പാർക്ക് (ആർ ആൻഡ് ഐ) സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. |
| (ഡി) | അന്താരാഷ്ട്ര തൊഴിൽ സാധ്യതകൾ മെച്ചപ്പെടുത്തുന്നതിനായി കെ.എ.എസ്.ഇ. നടത്തിയ ഇടപെടലുകൾ വ്യക്തമാക്കാമോ; | (ഡി) | സംസ്ഥാനം കൈവരിച്ച സാമൂഹിക സാമ്പത്തിക പുരോഗതി നിലനിർത്തുന്നതിനും, കൂടുതൽ വളർച്ച നേടുന്നതിനും നമ്മുടെ സംസ്ഥാനത്തെ മാനവവിഭവശേഷിയെ പരുവപ്പെടുത്തി കാലോചിതമായി പ്രയോജനപ്പെടുത്തുന്നത് അത്യന്താപേക്ഷിതമാണ്. സംസ്ഥാനത്തെ അഭ്യസ്തവിദ്യരായ യുവജനങ്ങൾ നിലവിൽ മികച്ച വരുമാനവും മെച്ചപ്പെട്ട തൊഴിൽ സാഹചര്യവും ഉറപ്പ് നൽകുന്ന അവസരങ്ങളിൽ ജോലി ചെയ്യാനാണ് താത്പര്യപ്പെടുന്നത്. ഇപ്രകാരമുള്ള തൊഴിൽ സാധ്യതകൾ സംസ്ഥാനത്ത് കുറവായതിനാൽ, ഒരു വലിയ ജനവിഭാഗം യുവജനങ്ങൾ മറ്റ് രാജ്യങ്ങളിലേക്ക് കുടിയേറുന്നതിനുള്ള താത്പര്യം പ്രകടിപ്പിച്ചു വരുന്നത്. എന്നാൽ, ദീർഘകാലാടിസ്ഥാനത്തിൽ സംസ്ഥാനത്ത് നിന്നും ഇപ്രകാരം വലിയൊരു ജനവിഭാഗം കുടിയേറി പോകുന്നത് സംസ്ഥാന താത്പര്യങ്ങൾക്ക് വിരുദ്ധമാകുമെന്നതിനാൽ വലിയ വളർച്ചാസാധ്യതയുള്ളതും കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാകാനിടയുള്ളതുമായ വ്യവസായ മേഖലകൾ കണ്ടെത്തി ആ മേഖലകളിൽ വ്യാവസായിക വളർച്ച ഉന്നമിട്ട് വിവിധ വ്യാവസായിക മേഖലകൾക്കിണങ്ങുന്ന തൊഴിൽ വൈദഗ്ധ്യം ഉള്ള മാനവശേഷി സൃഷ്ടിക്കുന്നതിനുള്ള പദ്ധതി കെയ്സ് |

| | | | |
|---|---|---|---|
| | | | ആവിഷ്കരിച്ചിട്ടുണ്ട്. ഈ മേഖലകളിൽ നൈപുണ്യ പരിശീലനം ഊർജ്ജിതപ്പെടുത്തി ഈ മേഖലകളിലേക്ക് ബന്ധപ്പെട്ട വ്യവസായ മേഖലകളിൽ പ്രവർത്തിക്കുന്ന മികച്ച കമ്പനികളുടെ ശ്രദ്ധ ആകർഷിക്കുന്നതിനുള്ള സമഗ്രമായ പദ്ധതിയും കെയ്സ് ആവിഷ്കരിച്ചിട്ടുണ്ട്. |
| (ഇ) | കെ.എ.എസ്.ഇ. നിലവിൽ ഏർപ്പെട്ടിരിക്കുന്ന ദേശീയ-അന്താരാഷ്ട്ര പദ്ധതികൾ വിശദമാക്കാമോ? | (ഇ) | സംസ്ഥാനത്തെ യുവജനങ്ങളെ പുതുതായി രൂപംകൊള്ളുന്ന തൊഴിൽ മേഖലകൾക്കും, കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാകാനിടയുള്ളതുമായ വ്യവസായ മേഖലകൾക്ക് ഇണങ്ങുന്ന വിധത്തിൽ നൈപുണ്യ വികസനത്തിലൂടെ പരുവപ്പെടുത്തുമ്പോൾ ഉണ്ടായേക്കാവുന്ന അധിക മാനവ വിഭവശേഷിയെ മറ്റ് വിദേശ രാജ്യങ്ങളിലെ തൊഴിൽ അവസരങ്ങൾക്ക് കൂടി ഉപയോഗിക്കുക വഴി സംസ്ഥാനത്തെ അഭ്യസ്തവിദ്യരായ യുവജനങ്ങളെ പൂർണ്ണമായും ഉത്പാദനപരമായി വിനിയോഗിക്കുന്നതിന് സംസ്ഥാനത്തിന് സാധിക്കും. ഇതിന്റെ ഭാഗമായി വിവിധ ദേശീയ-അന്തർദേശീയ പദ്ധതികൾ വിഭാവനം ചെയ്തു നടപ്പിലാക്കുന്നതിനുള്ള നടപടികൾ കെയ്സ് സ്വീകരിച്ചു വരുന്നു. ആയത് ചുവടെ ചേർക്കുന്നു:<br><br>• **ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെട്രോ ആൻഡ് റെയിൽ ടെക്നോളജി (IMRT):** റെയിൽ, മെട്രോ റെയിൽ മേഖലയിൽ പുതിയ സാങ്കേതികവിദ്യകളുടെ പിൻബലത്തിൽ ധാരാളം പുതിയ തൊഴിലവസരങ്ങൾ ലോകമെമ്പാടും സൃഷ്ടിക്കപ്പെടുന്നുണ്ട്. എന്നാൽ ഈ മേഖലകളിലെ തൊഴിൽ വൈദഗ്ധ്യം നേടുന്നതിനുള്ള പരിശീലന കേന്ദ്രങ്ങൾ രാജ്യത്ത് വിരളമാണ്. ഈ സാഹചര്യത്തിൽ രാജ്യത്ത് ആദ്യമായി കൊച്ചിൻ മെട്രോ റെയിൽ ലിമിറ്റഡ്, സംസ്ഥാന നൈപുണ്യ വികസന മിഷൻ, നാഷണൽ സ്കിൽ ഡെവലപ്മെൻറ് കോർപ്പറേഷൻ എന്നിവരുമായി സഹകരിച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെട്രോ ആൻഡ് റെയിൽ ടെക്നോളജി (IMRT) എന്ന ദേശീയ പരിശീലന സ്ഥാപനം ആരംഭിക്കുന്നതിനുള്ള നടപടികൾ കെയ്സ് സ്വീകരിച്ചു വരുന്നു.<br><br>**സംസ്ഥാനത്തെ ഐ.ടി.ഐ, പോളിടെക്നിക് വിദ്യാലയങ്ങളിൽ അവസാന വർഷ വിദ്യാർത്ഥികൾക്ക് ജർമനിയിൽ പ്രതിമാസം 1,200 യൂറോ സ്റ്റൈപ്പെൻഡോടെ തൊഴിലധിഷ്ഠിത തുടർ വിദ്യാഭ്യാസത്തിനുള്ള പദ്ധതി:-** സംസ്ഥാനത്തെ തിരഞ്ഞെടുത്ത 14 ഐ.ടി.ഐ, 14 പോളിടെക്നിക് വിദ്യാലയങ്ങളിൽ നിന്നുള്ള തൽപരരായ വിദ്യാർത്ഥികൾക്ക് ജർമൻ ഭാഷ പരിശീലനം |

| | | | |
|---|---|---|---|
| | | | നൽകുന്നതിനും, 2025 ഏപ്രിൽ മാസത്തിൽ ജർമനിയിൽ നിന്നുള്ള 200 ഓളം കമ്പനികൾ ഓൺലൈനായി പങ്കെടുക്കുന്ന ‘വിദേശ തൊഴിലധിഷ്ഠിത തുടർ വിദ്യാഭ്യാസ മേള’ സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ കെയ്സ് സ്വീകരിച്ച വരുന്നു.<br><br>**<u>ബഹുഭാഷാ പരിശീലനത്തിനായി മാതൃകാ ഭാഷാ പരിശീലന മികവിന്റെ കേന്ദ്രങ്ങൾ:-</u>** നാഷണൽ സ്കിൽ ഡെവലപ്മെൻറ് കോർപ്പറേഷനുമായി ചേർന്ന് സംസ്ഥാനത്ത് മാതൃകാ ബഹുഭാഷാ പഠന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് ധാരണയായി. ഇത്തരത്തിൽ രണ്ടു ബഹുഭാഷാ പരിശീലന കേന്ദ്രങ്ങൾ സംസ്ഥാനത്ത് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച വരുന്നു.<br><br>**<u>ജർമൻ റെയിൽ മേഖലയിൽ തൊഴിൽ കണ്ടെത്തുന്നതിനുള്ള നടപടികൾ:-</u>** സംസ്ഥാനത്തെ ഐ.ടി.ഐ/ പോളിടെക്നിക്/എഞ്ചിനീയറിംഗ് എന്നീ സാങ്കേതിക വിദ്യാഭ്യാസ യോഗ്യതകളുള്ള ഉദ്യോഗാർത്ഥികൾക്ക് ജർമൻ റെയിൽ മേഖലയിൽ തൊഴിൽ കണ്ടെത്തുന്നതിന്റെ ഭാഗമായി ജർമൻ റെയിൽ കമ്പനിയുടെ റിക്രൂട്ട്മെന്റ് ഏജൻസിയായ ഹാൻസ് ഓണുമായി കരാർ ഒപ്പിടുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്.<br><br>കേരളവും ജർമനിയിലെ നീഡർസാക്സെൻ എന്ന സംസ്ഥാനവുമായി സഹോദര സംസ്ഥാനം എന്ന നിലയിൽ ബന്ധം സ്ഥാപിച്ച് പരസ്പരം സഹകരിച്ച് പ്രവർത്തിക്കുന്നതിനും കൂടുതൽ മേഖലകളിലേക്ക് സഹകരണം വ്യാപിപ്പിക്കുന്നതിനുമുള്ള പദ്ധതി കെയ്സ് വഴി വിഭാവനം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ